GOVERNMENT OF KERALA
OFFICE OF THE COMMISSIONER FOR ENTRANCE EXAMINATIONS
HOUSING BOARD BUILDINGS, SANTHINAGAR, THIRUVANANTHAPURAM – 695 001.

# KEAM-2021

## എഞ്ചിനീയറിംഗ്/ഫാർമസി പ്രവേശന പരീക്ഷ

### കോവിഡ് പശ്ചാത്തലത്തിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ

- കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പ്രവേശന പരീക്ഷ നടത്തിപ്പിലും ബാധകമായിരിക്കും. വിദ്യാർത്ഥികളും,രക്ഷിതാക്കളും, ഉദ്യോഗസ്ഥരും, സർക്കാർ, ആരോഗ്യ വകുപ്പ് പുറത്തിറക്കിയ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

### വിദ്യാർത്ഥികൾക്കുള്ള നിർദേശങ്ങൾ

- പരീക്ഷാ കേന്ദ്രത്തിലെത്തുന്ന വിദ്യാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും, മാസ്ക് ധരിക്കേണ്ടതും, കൂടാതെ തെർമൽ സ്കാനിംഗിന് നിർബന്ധമായും വിധേയരാകേണ്ടതുമാണ്.
- രോഗലക്ഷണങ്ങൾ ഉള്ളവരോ തെർമൽ സ്കാനിങ്ങിൽ ഉയർന്ന താപനില കാണിക്കുന്നവരോ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശം പാലിച്ച് കോവിഡ് സുരക്ഷാമാനദണ്ഡ പ്രകാരം പരീക്ഷ എഴുതാൻ സന്നദ്ധരാകേണ്ടതാണ്.
- വിദ്യാർത്ഥികൾ അവശ്യം വേണ്ട സാമഗ്രികൾ (പേന, വെള്ളം, ഉച്ച ഭക്ഷണം) എന്നിവ കൈയ്യിൽ കരുതേണ്ടതും യാതൊരു കാരണവശാലും അവ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്.
- പരീക്ഷാ ഹാളിൽ ഇൻവിജിലേറ്റർമാരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷയുടെ ഇടവേളയിൽ വിദ്യാർത്ഥികൾ കൂട്ടം കൂടുന്നതിനോ മറ്റു കുട്ടികളുമായി സമ്പർക്കത്തിലേർപ്പെടാനോ പാടുള്ളതല്ല. വിദ്യാർത്ഥികൾ സാമൂഹിക അകലം നിർബന്ധമായും പാലിക്കേണ്ടതാണ്.
- പരീക്ഷാ ഹാളിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികൾ പരീക്ഷയ്ക്കായി അനുവദിച്ചിരിക്കുന്ന ഇരിപ്പിടത്തിൽ മാത്രമേ ഇരിക്കാൻ പാടുള്ളു. പരീക്ഷാ ഹാളിൽ സാമൂഹിക അകലം പാലിക്കേണ്ടതും ഹാളിന്റെ മറ്റ് ഭാഗങ്ങളിലേയ്ക്ക് സഞ്ചരിക്കാൻ പാടില്ലാത്തതുമാണ്.

- വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിൽ സൂചിപ്പിച്ച റിപ്പോർട്ടിംഗ് സമയത്തു തന്നെ പരീക്ഷാ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. റിപ്പോർട്ടിംഗ് സമയത്തിന് വളരെ മുമ്പ് ഹാജരാകുകയോ കൂട്ടം കൂടി നിൽക്കാനുള്ള സാഹചര്യം ഉണ്ടാകാനോ പാടുള്ളതല്ല.
- രാവിലെയും ഉച്ചയ്ക്കുശേഷവും പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾ അവർക്കാവശ്യമായ കുടിവെള്ളം, ഭക്ഷണം എന്നിവ കൈയ്യിൽ കരുതേണ്ടതാണ്. ഉച്ച ഇടവേളയിൽ യാതൊരു കാരണവശാലും വിദ്യാർത്ഥികളെ പുറത്ത് പോകാൻ അനുവദിക്കുന്നതല്ല.
- ഓരോ പരീക്ഷാ കേന്ദ്രത്തിലെയും കമ്മീഷണർ റപ്രസെന്റേറ്റീവിന്റെ ഫോൺ നമ്പർ അവരവരുടെ അഡ്മിറ്റ് കാർഡിൽ ലഭ്യമാക്കിയിട്ടുണ്ട്. പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് കോവിഡുമായി ബന്ധപ്പെട്ട് അടിയന്തിര സാഹചര്യങ്ങളിൽ ഈ ഉദ്യോഗസ്ഥനെ വിളിക്കാവുന്നതാണ്.
- കോവിഡ് പോസിറ്റിവായവരും, ക്വാറന്റെയിനിലുള്ളവരും, കോവിഡ് രോഗലക്ഷണങ്ങളുള്ളവരും പരീക്ഷയുടെ തലേ ദിവസം തന്നെ അഡ്മിറ്റ് കാർഡിൽ നൽകിയിരിക്കുന്ന ഫോൺ നമ്പരിൽ കമ്മീഷണർ റപ്രസെന്റേറ്റീവ്സിനെ ബന്ധപ്പെട്ട് വിവരം അറിയിക്കേണ്ടതും അദ്ദേഹം നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. പ്രസ്തുത വിദ്യാർത്ഥികൾ നിശ്ചിത സമയത്ത് സ്വന്തമായി ഏർപ്പാട് ചെയ്തിട്ടുള്ള വാഹനത്തിൽ മാത്രം പരീക്ഷാ കേന്ദ്രത്തിൽ എത്തേണ്ടതും, ഇവരും രക്ഷിതാക്കളും മറ്റുള്ളവരിൽ നിന്ന് അകലം പാലിക്കുകയും, അവർക്ക് അനുവദിച്ചിരിക്കുന്ന മുറിയിൽ കർശന നിയന്ത്രണങ്ങൾക്ക് വിധേയമായി പരീക്ഷ അഭിമുഖീകരിക്കേണ്ടതുമാണ്. ഈ വിദ്യാർത്ഥികളെ അനുഗമിക്കുന്ന രക്ഷകർത്താക്കൾ വിദ്യാർത്ഥികളെ പരീക്ഷാ കേന്ദ്രങ്ങളിൽ എത്തിച്ചതിനുശേഷം തിരികെ പോകേണ്ടതും പരീക്ഷ അവസാനിച്ചതിനുശേഷം കമ്മീഷണർ റപ്രസെന്റേറ്റീവിന്റെ നിർദ്ദേശാനുസരണം വിദ്യാർത്ഥികളെ തിരികെ കൂട്ടികൊണ്ടു പോകേണ്ടതുമാണ്.
- പരീക്ഷാ ദിവസം പ്രവേശന കവാടത്തിലെ പരിശോധനയിൽ എന്തെങ്കിലും ശാരീരിക ബുദ്ധിമുട്ടുകൾ/അധിക താപനില എന്നിവ കാണിക്കുന്ന വിദ്യാർത്ഥികൾ വാളണ്ടിയർമാരുടെ നിർദ്ദേശാനുസരണം മറ്റുള്ള വിദ്യാർത്ഥികളുമായി ഇടപഴകാതെ പ്രത്യേകം തയ്യാറാക്കിയിട്ടുള്ള മുറിയിൽ സാമൂഹ്യ അകലം പാലിച്ച് ഇരിക്കേണ്ടതാണ്.
- പരീക്ഷാ കഴിഞ്ഞ് തിരികെ പോകുന്ന വേളയിൽ വിദ്യാർത്ഥികൾ പരീക്ഷാ കേന്ദ്രത്തിന് പരിസരത്തോ ബസ് സ്റ്റാൻഡിലോ കൂട്ടം കൂടി നിൽക്കാൻ പാടുള്ളതല്ല. പരീക്ഷാ കേന്ദ്രങ്ങളിൽ അധികൃതർ നൽകുന്ന സമയക്രമം അനുസരിച്ച് മാത്രം വിദ്യാർത്ഥികൾ പുറത്തേക്ക് പോകേണ്ടതാണ്.

- ഉപയോഗശേഷമുള്ള മാസ്ക്, കൈയുറകൾ എന്നിവ അതിനായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ്. പരീക്ഷാ കേന്ദ്രത്തിലേക്ക് പുറപ്പെടുന്നത് മുതൽ തിരികെ എത്തുന്നതുവരെയുള്ള സമയദൈർഘ്യമനുസരിച്ച് ഒന്നിലധികം/ആവശ്യമായ മാസ്കുകൾ കരുതേണ്ടതാണ്

**<u>രക്ഷകർത്താക്കൾക്കുള്ള നിർദ്ദേശങ്ങൾ</u>**

- രക്ഷിതാക്കൾ പരീക്ഷ നടക്കുന്ന കെട്ടിടത്തിലേയ്ക്ക് പ്രവേശിക്കാൻ പാടുള്ളതല്ല.
- വിദ്യാർത്ഥികൾ കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് രക്ഷാ കർത്താക്കൾ ഉറപ്പാക്കേണ്ടതാണ്. മാസ്ക്, സാനിറ്റൈസർ, ഭക്ഷണം, വെള്ളം എന്നിവ വിദ്യാർത്ഥികൾ കരുതിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം.
- വിദ്യാർത്ഥികളെ പരീക്ഷാ കേന്ദ്രത്തിൽ എത്തിച്ചതിനുശേഷം ഉടനെ തന്നെ രക്ഷാ കർത്താക്കൾ പരീക്ഷാ കേന്ദ്രത്തിന്റെ പരിസരത്തു നിന്നും മാറേണ്ടതാണ്. യാതൊരു കാരണവശാലും സ്കൂൾ പരിസരത്ത് കൂട്ടം കൂടുവാനോ ഗതാഗത തടസ്സം ഉണ്ടാക്കുന്ന രീതിയിൽ വാഹനം പാർക്ക് ചെയ്യുവാനോ പാടുള്ളതല്ല. ഇത് വളരെ കർശനമായി പാലിക്കേണ്ടതാണ്. സാമൂഹ്യ അകലം പാലിക്കാതെ കൂട്ടം കൂടി നിൽക്കുന്നത് ശിക്ഷാർഹമാണ്.
- പ്രവേശന പരീക്ഷ കഴിഞ്ഞ് സ്കൂളിൽ നിന്നും പുറത്തേക്ക് വരുന്ന വിദ്യാർത്ഥി കളെ പ്രവേശന കവാടത്തിൽ നിന്നും മാറി തിരക്കു കുറഞ്ഞ സുരക്ഷിതമായ ഒരു സ്ഥലത്ത് നിന്നും കൂട്ടികൊണ്ട് പോകേണ്ടതാണ്.